## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2945 07.02.2018 - ൽ മറുപടിക്ക്**

## <u>അറ്റ് ലാന്റിസ് റെയിൽവെ മേൽപാലത്തിന്റെ നിർമ്മാണം</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ് :** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പ് 27.9.2016 ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ള എറണാകുളത്തെ അറ്റ് ലാന്റിസ് റെയിൽവെ മേൽപാലത്തിന്റെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ; | (എ) എറണാകുളത്തെ അറ്റ് ലാന്റിസ് മേൽപ്പാലത്തിന്റെ നിർമ്മാണത്തിനുള്ള ഡി. പി. ആർ തയ്യാറാക്കുന്നതിന്റെ ഭാഗമായി സർവ്വേ നടപടികൾ പൂർത്തിയാക്കുകയും അലൈൻമെന്റ് ഡ്രോയിംഗ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കുവേണ്ടി കൊച്ചി കോർപ്പറേഷൻ ഏറ്റെടുത്ത സ്ഥലത്തിന്റെ കോമ്പൻസേഷൻ മുഴുവനായി ലഭിക്കാത്തതിനാൽ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള മണ്ണ് പരിശോധന നാട്ടുകാർ തടസ്സപ്പെടുത്തി. പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം ഉടനടി വിളിച്ചുകൂട്ടാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് ആർ. ബി. ഡി. സി. കെ. ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | റെയിൽവെ മേൽപാലത്തിന്റെ നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ് നടപടികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ ; | (ബി) | കോർപ്പറേഷൻ ഏറ്റെടുത്ത സ്ഥലം കഴിച്ചുള്ള ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിന്, ഡി. പി. ആർ - ന് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിച്ച ശേഷം മാത്രമേ റിക്വിസിഷൻ നൽകുവാൻ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത പാലത്തിന്റെ അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; | (സി) | പ്രസ്തുത പാലത്തിന്റെ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. കിഫ്ബിയുടെയും റെയിൽവേയുടെയും അംഗീകാരം ലഭിക്കാനുണ്ട്. |
| (ഡി) | ഈ പാലം ഫോർ ലൈനായാണോ ടു ലൈനായാണോ നിർമ്മിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ഡി) | ഈ പാലം നാലുവരിയായി നിർമ്മിക്കുന്നതിനുള്ള പ്ലാനാണ് തയ്യാറാക്കിയിരിക്കുന്നത്. |
| (ഇ) | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണമെന്തെന്ന് വിശദമാക്കാമോ? | (ഇ) | പദ്ധതിയ്ക്കുവേണ്ടി കോർപ്പറേഷൻ ഏറ്റെടുത്ത സ്ഥലത്തിന്റെ വിശദ വിവരങ്ങൾ (ഏരിയ, സർവ്വേ നമ്പർ, സ്കെച്ച്) നൽകാൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും വിവരങ്ങൾ ലഭിച്ചിട്ടില്ല. ഈ വിവരങ്ങൾ കിഫ്ബിയ്ക്ക് നൽകിയാലേ അംഗീകാരം നേടാൻ കഴിയൂ. അതിനുശേഷം മാത്രമേ ബാക്കിയുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. |

S. Bindu

**സെക്ഷൻ ഓഫീസർ**